## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

09.03.2015-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.113

## കൊല്ലം പരവൂരിലെ മിനി ഫിഷിംഗ് ഹാർബർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ജി.എസ്.ജയലാൽ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കൊല്ലം ജില്ലയിലെ പരവൂർ നഗരസഭയിലെ തെക്കുംഭാഗം എന്ന സ്ഥലത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിലേക്കായി നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ; | (എ) | കൊല്ലം ജില്ലയിലെ സൗത്ത് പരവൂരിൽ ഒരു മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിന് 40 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി 30.03.13 ന് നൽകിയതനുസരിച്ച് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. മാതൃകാ പഠനം നടത്തുന്നതിന് സി.ഡബ്ല്യൂ.പി.ആർ.എസ്., പൂനെ എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാതൃകാ പഠനം പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത ആവശ്യത്തിലേക്കായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെ ആവശ്യത്തിനാണെന്നും വ്യക്തമാക്കുമോ; നാളിതുവരെ നടന്ന പഠനങ്ങളുടെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | മാതൃകാപഠനം നടത്തുന്നതിന് സി.ഡബ്ല്യൂ.പി.ആർ.എസ്. പൂനെ എന്ന സ്ഥാപനത്തിന് 31,99,980/- രൂപ നൽകിയിട്ടുണ്ട്. 4.50 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ഏർപ്പാടാക്കിയിട്ടുണ്ട്. അതിൽ 2 ലക്ഷം രൂപ ചെലവാക്കിയിട്ടുള്ളതും ബാക്കി 2.50 ലക്ഷം രൂപയ്ക്ക് ലെറ്റർ ഓഫ് ക്രെഡിറ്റ് ലഭിക്കേണ്ടതുമുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. മാതൃകാ പഠനം പുരോഗമിക്കുന്നു. |
| (സി) | പരവൂർ തെക്കും ഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിലേക്ക് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കുമോ; | (സി) | മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിലേയ്ക്കായി കഴിഞ്ഞ 5 വർഷമായി പ്രാരംഭ നടപടികൾ ആരംഭിച്ചുവെങ്കിലും ആയത് പൂർത്തീകരിക്കുവാൻ കാലതാമസം വരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ എത്രയും വേഗം നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | കൊല്ലം ജില്ലയിലെ സൗത്ത് പരവൂരിൽ മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾക്ക് 12 ലക്ഷം രൂപയുടെ ഭരണാനുമതി 26.12.08 ലും 40 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി 30.03.13 ലും നൽകിയതനുസരിച്ച് ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. സി.ഡബ്ല്യൂ.പി.ആർ.എസ്. പൂനെ എന്ന സ്ഥാപനം മുഖേന മാതൃകാപഠനം പുരോഗമിക്കുന്നു. മാതൃകാപഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം പാരിസ്ഥിതിക പഠനം നടത്തേണ്ടതുണ്ട്. ടി പഠനം അക്രഡിറ്റഡ് ഏജൻസി മുഖേന മാത്രമേ നടത്താൻ പറ്റൂ എന്ന നിബന്ധനയുള്ളതിനാൽ ദർഘാസ് നടപടികൾ പൂർത്തീകരിച്ച് മാത്രമേ ടി പഠനം നടത്തുന്നതിന് സാധിക്കൂ. ടി പരിസ്ഥിതി പഠന റിപ്പോർട്ടും CESS ൽ നിന്നുള്ള CRZ സ്റ്റാറ്റസ് റിപ്പോർട്ടും പരിസ്ഥിതി മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയും ലഭ്യമാക്കി ടി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള പരിസ്ഥിതി ക്ലിയറൻസിനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. പരിസ്ഥിതി ക്ലിയറൻസ് ലഭിച്ചതിനുശേഷം വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി ഭരണാനുമതിയ്ക്കായി നൽകുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. മേൽപറഞ്ഞ ഓരോ പഠനങ്ങൾക്കും അതിന്റേതായ നടപടി ക്രമങ്ങൾക്കും നിശ്ചിത സമയം ആവശ്യമായതിനാലാണ് പദ്ധതി നിർമ്മാണത്തിന് കാലതാമസം നേരിടുന്നത്. |

സെക്ഷൻ ഓഫീസർ